"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- കുടുംബശ്രീ ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്ക് വേണ്ടി 19489 ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്കും (എ.ഡി.എസ്) 133 ഊര് സമിതികൾക്കും ഒരു ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്ന പദ്ധതി- ആദ്യ ഗഡുവായ 50 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയം ഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2126/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/10/2021

---

പരാമർശം:-
1. 24.08.2021 തീയതിയിലെ സ.ഉ.(സാധാ) നം.1600/2021/തസ്വഭവ
2. 24.08.2021 തീയതിയിലെ സ.ഉ.(സാധാ) നം.1601/2021/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.08.2021 ലെ 3801/എം1/2021/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.
4. 05.10.2021 തീയതിയിലെ സ.ഉ.(സാധാ) നം.6522/2021/ധന

**ഉത്തരവ്**

കുടുംബശ്രീ ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്ക് വേണ്ടി 19489 ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്കും (എ.ഡി.എസ്) 133 ഊര് സമിതികൾക്കും ഒരു ലക്ഷം രൂപ വീതം ആകെ 196.22 കോടി രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ മേൽ തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുക അനുവദിക്കുന്നതിനായി അധികധനാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം അധികധനാനുമതി മുഖേന "4515-00-102-47 Revolving fund for neighbourhood groups of Kudumbasree" എന്ന ശീർഷകത്തിൽ ആനുവദിച്ച 1,96,22,00,000/-(നൂറ്റി തൊണ്ണൂറ്റിയാറ് കോടിഇരുപത്തി രണ്ട് ലക്ഷം രൂപ) രൂപയിൽ നിന്നും ആദ്യ ഗഡുവായി 50,00,00,000/- (അൻപതു കോടി രൂപ) റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3. തദ്ദേശസ്വയം ഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ് ബേഴ്സിംഗ് ഓഫീസർ ടി തുക

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ,തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
തദ്ദേശസ്വയം ഭരണ (എഫ്.എം.)വകുപ്പ്
ഡ്രോയിംഗ് & ഡിസ് ബേഴ്സിംഗ് ഓഫീസർ, തദ്ദേശസ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (യു.ഒ നം. ഡെവ.-2/143/2021-ധന തീയതി 07.10.2021)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File no.IA1/154/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 29-10-2021 10:26:19
Reason: Approved
സെക്ഷൻ ഓഫീസർ